## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : T 3243 11.12.2014 - ൽ മറുപടിക്ക്

## കോഴിക്കോട് മോണോറയിൽ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ. പ്രദീപ്കുമാർ : | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് മോണോറയിൽ പദ്ധതിയുടെ ടെണ്ടറിൽ പങ്കെടുത്ത ഏക കമ്പനിയായ ബൊംബാർഡിയ എന്ന കമ്പനിയുമായി നെഗോഷിയേറ്റ് ചെയ്യാൻ തയ്യാറാകാതിരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ; | (എ) പുനർ ദർഘാസിലൂടെ ലഭിച്ച ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ ഒറ്റ ടെൻഡർ ഡി. എം. ആർ. സി അവലോകനം ചെയ്ത് പരിശോധിച്ച ശേഷം നൽകിയ റിപ്പോർട്ടിൽ, എസ്റ്റിമേറ്റ് തുകയെക്കാൾ ഭീമമായ തുക നെഗോഷിയേഷനിലൂടെ കുറയ്ക്കാനുള്ള സാധ്യത വിദൂരമായതിനാൽ ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ ടെൻഡർ നിരസിക്കുവാനാണ് ശുപാർശ ചെയതിട്ടുള്ളത്. മാത്രമല്ല, ക്വോട്ട് ചെയ്തിരിക്കുന്ന തുക എസ്റ്റിമേറ്റ് തുകയുടെ 150.87 % ഉയർന്ന നിരക്കിലാണ്.<br><br>10 - ാമത് കെ. എം. സി. എൽ ബോർഡ് യോഗത്തിൽ, നെഗോഷിയേഷനിലൂടെ ക്വോട്ട് ചെയ്ത ഭീമമായ തുക, എസ്റ്റിമേറ്റ് തുകയോട് അടുത്ത നിലയിൽ എത്തിക്കാനുള്ള സാധ്യത തീരെ |

കുറവാണെന്നും പ്രസ്തുത വിശദീകരണങ്ങളുടെ അടിസ്ഥാനത്തിൽ നെഗോഷിയേഷൻ നടത്തുന്നത് അഭികാമ്യമായിരിക്കില്ല എന്നു തീരുമാനിക്കുകയുണ്ടായി.

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതിക്കായി സംസ്ഥാന സർക്കാർ വിഹിതമായി തുക മാറ്റിവെച്ചിട്ടുണ്ടായിരുന്നുവോ ; | (ബി) | ഉണ്ടായിരുന്നു. |
| (സി) | ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (സി) | 2013 - 2014 - ൽ കൺസൽറ്റൻസി ഫീസിനത്തിൽ 18 കോടിയും, 2014 - 2015 - ലെ സംസ്ഥാന ബഡ്ജറ്റിൽ അടിസ്ഥാന സൗകര്യ വികസന മേഖലയിലെ വൻകിട പദ്ധതികൾക്കായി പ്രത്യേക പദ്ധതി വിഹിതമായി മാറ്റിവച്ചിട്ടുള്ള 1225 കോടി രൂപയിൽ മോണോ പദ്ധതിയെയും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ